# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 17 27.02.2017-ൽ മറുപടിക്ക്

## ജീവൻരേഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യവകുപ്പ് 'ജീവൻരേഖ' എന്ന പേരിലുള്ള പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ജീവൻ രേഖ എന്ന പേരിൽ ഒരു പദ്ധതി ആരോഗ്യ വകുപ്പ് നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു.<br>(i). വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.<br>(ii). സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപെട്ട മറ്റ് പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ വൽകൃത സേവനങ്ങൾ ലഭ്യമാക്കുക<br>(iii) എല്ലാ അലോപ്പതി ആശുപത്രികളിലും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രികൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.<br>(iv) ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നിട് തുടർ ചികിത്സക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.<br>ഈപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 25/1/2017 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. |
| ബി) | പ്രസ്തുത പദ്ധതിയ്ക്കായി ശേഖരിക്കുന്ന, രോഗികളുടെ വിവരങ്ങൾ സംബന്ധിച്ച രേഖകളുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിന് മാർഗ്ഗങ്ങളുണ്ടോ; | (ബി) | മറ്റൊരാളിന് മനസ്സിലാകാത്ത സംവിധാനത്തിലാണ് ടാബ് ലെറ്റ് കമ്പ്യൂട്ടറുകളിൽ വിവരങ്ങൾ പ്രാഥമികമായി ശേഖരിക്കുന്നത്. ആശുപത്രികളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിക്കുന്ന സംസ്ഥാന സർക്കാരിന്റെ ഡാറ്റ സെന്ററിൽ Tier-3 സുരക്ഷാ സംവിധാനമാണുള്ളത്. ഡാറ്റാ ട്രാൻസ്മിറ്റ് ചെയ്യുന്നത് അതീവ സുരക്ഷാ സംവിധാനമുള്ള Virtual Private Network ലൂടെ ആണ്. രോഗികൾ ആശുപത്രിയിൽ എത്തിയാൽ മാത്രമേ ചികിത്സയുമായി നേരിട്ട് ബന്ധപ്പെടുന്ന മെഡിക്കൽ സംഘത്തിന് പ്രസ്തുത |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമാവുകയുള്ളൂ. ഈ പദ്ധതി നടപ്പിലാകുന്ന മുറയ്ക്ക് ISO 27001 എന്ന Information Security Management System അനുസരിച്ചുള്ള സമ്പൂർണ്ണ സുരക്ഷ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും. |
| (സി) | സംസ്ഥാനത്ത് സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് തടയുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ? | (സി) | സാംക്രമിക രോഗങ്ങളുമായി ആശുപത്രികളിലെത്തുന്ന രോഗികളുടെ കൃത്യമായ വിവരങ്ങൾ അപ്പപ്പോൾ തന്നെ ആരോഗ്യപ്രവർത്തകരുടെ ടാബ്ലെറ്റ് കമ്പ്യൂട്ടറുകളിൽ ലഭ്യമാകും. രോഗികളുടെ വാസസ്ഥലം, കുടിവെള്ളത്തിന്റെ സ്രോതസ്സ് എന്നിങ്ങനെ എല്ലാ സ്ഥലങ്ങളും ജി.പി.എസ് സംവിധാനമുപയോഗിച്ച് കേരളത്തിന്റെ ഭൂപടത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നതിനാൽ കൃത്യസ്ഥലം കണ്ടെത്തി നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുന്നതിന് വളരെ എളുപ്പത്തിൽ സാധിക്കുന്നു. |

**സെക്ഷൻ ഓഫീസർ**